**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 986** **30-06-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റ് കനാൽ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മരുതോങ്കര പഞ്ചായത്തിലെ അഞ്ചാം വാർഡിലുൾപ്പെട്ട മുണ്ടക്കുനിയിൽ കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റിന്റെ വലത് കര മെയിൻ കനാലിന്റെ 6/300 കിലോമീറ്റർ ഭാഗത്തുള്ള ഇടത് ബങ്ക് ഭാഗം 2022 മാർച്ചിൽ തകർന്നത് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവർത്തനം ഏതു ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ വലതുകര പ്രധാന കനാലിന്റെ ചെയിനേജ് 6/300 കി.മീ ലുള്ള അണ്ടർ ടണലും കനാലും പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തിക്കായി 2022-23 വർഷത്തെ പ്ലാൻ പദ്ധതിയിൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | താൽക്കാലികമായി പൈപ്പുകൾ ഇട്ട് പുനരുദ്ധാരണം നടത്തിയെങ്കിലും, മിക്ക സ്ഥലങ്ങളിലും വെള്ളം എത്താത്തതിനാൽ കഴിഞ്ഞ വേനലിൽ കൃഷി നാശവും, കുടിവെള്ള ക്ഷാമവും കാരണം ജനങ്ങൾ ബുദ്ധിമുട്ടിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ വലതുകര പ്രധാന കനാലിന്റെ ചെയിനേജ് 6/300 കി.മീ ലുള്ള അണ്ടർ ടണലും കനാലും പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി  പൂർത്തീകരിക്കുന്ന മുറയ്ക്ക് കൃഷി നാശവും, കുടിവെള്ള ക്ഷാമവും മൂലം ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണ്. |
| (സി) | ഉണ്ടെങ്കിൽ വരും വർഷത്തിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ? | (സി) | ഉണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ വലതുകര പ്രധാന കനാലിന്റെ ചെയിനേജ് 6/300 കി.മീ ലുള്ള അണ്ടർ ടണലും കനാലും പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി  പൂർത്തീകരിക്കുന്ന മുറയ്ക്ക് കൃഷി നാശവും, കുടിവെള്ള ക്ഷാമവും മൂലം ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ